LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014 മേയ് 19-ന് പ്രസിദ്ധീകരിച്ച സാമൂഹിക സാമ്പത്തിക ജാതി സെൻസസിന്റെ കരട് ലിസ്റ്റിൽ ഏതാനും തെറ്റുകൾ കടന്നുകൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെറ്റുകൾ തിരുത്തിയശേഷം അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല ഇതുവരെ ലഭിച്ച പരാതികളുടെ ഹിയറിംഗും അപ്പീലുകളും പരിശോധിച്ച് 2015 മാർച്ച് 31-നകം അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) കേരളത്തിൽ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് നടത്തുന്നതിനായി കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുള്ളത് 47.48 കോടി രൂപയാണ്. ഇതുവരെ 45.11 കോടി രൂപ ലഭിക്കുകയും 44.76 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.

(സി) കേന്ദ്ര സർക്കാരിന്റെ പൂർണ്ണ സാമ്പത്തിക, സാങ്കേതിക സഹായത്തോടെ നടപ്പിലാക്കുന്ന ഈ സെൻസസ് വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ മാത്രം കൈവശത്തിലാണ്. സാമൂഹിക സാമ്പത്തിക ജാതി സെൻസസ് വിവരങ്ങളെ ആധാരമാക്കിയായിരിക്കും പദ്ധതി ഗുണഭോക്താക്കളെ കണ്ടെത്തുക എന്നാണ് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച ലിസ്റ്റിലെ ഒഴിവാക്കൽ ഉൾപ്പെടുത്തൽ, ദാരിദ്ര്യ/ക്ലേശ ഘടകങ്ങൾ സംബന്ധിച്ച് കേന്ദ്ര സർക്കാർ ലഭ്യമാക്കിയിട്ടുള്ള നിലവിലെ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) വിവരം ശേഖരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിൽ ഉദുമ പഞ്ചായത്തിലെ തിരുവക്കോളി ആസ്ഥാനമായി ക്ഷീരസഹകരണ സംഘം

15 (3298) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ പഞ്ചായത്തിലെ തിരുവക്കോളി ആസ്ഥാനമായി ക്ഷീരസഹകരണ സംഘം രൂപീകരിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് പ്രദേശവാസികൾ സ്ഥലം എം.എൽ.എ. മുഖേന നൽകിയ ഹർജിയിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉദുമ ക്ഷീരോല്പാദക സഹകരണ സംഘം സി 50(ഡി) കാസർഗോഡ് ജില്ലയിലെ ഉദുമ പഞ്ചായത്ത് മുഴുവനായും പ്രവർത്തനപരിധിയായി പ്രവർത്തിക്കുന്ന പരമ്പരാഗത ക്ഷീരസംഘമാണ്. ഉദുമ ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിയിൽനിന്നും തിരുവക്കോളി പ്രദേശം ഒഴിവാക്കി ബൈലോ ഭേദഗതി ചെയ്താലേ പ്രസ്തുത പഞ്ചായത്തിൽ തിരുവക്കോളി ആസ്ഥാനമാക്കി പുതിയ ക്ഷീരസംഘം രൂപീകരണത്തിന് സാധ്യതയുള്ളൂ. എന്നതിനാൽ നിയമാവലി ഭേദഗതി ചെയ്ത് പ്രവർത്തന പരിധി പുനർനിശ്ചയിക്കുന്നതിന് ഉദുമ ക്ഷീരോല്പാദക സഹകരണ സംഘം ലിമിറ്റഡ് നമ്പർ സി.50(ഡി)-ക്ക് ആവശ്യമായ നിർദ്ദേശം കാസർഗോഡ് ജില്ലാ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ കൂലി കുടിശ്ശിക

16 (3299) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ കൂലി കുടിശ്ശിക ഏത് മാസം വരെയുള്ളതാണ് കൊടുത്ത് തീർക്കാനുള്ളത് ;

(ബി) പാലക്കാട് ജില്ലയിൽ കുടിശ്ശികയായ ഫണ്ട് എത്രയെന്ന് ബ്ലോക്ക് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) തൊഴിലുറപ്പ് പണികളിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ ? എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) 7-12-2014-ലെ കണക്ക് പ്രകാരം, (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ MIS റിപ്പോർട്ട് പ്രകാരമുള്ളത്) പാലക്കാട് ജില്ലയിൽ, 2014 ഒക്ടോബർ മാസം മുതൽ 2014 ഡിസംബർ 7-ാം തീയതി വരെ കുടിശ്ശികയായ കൂലിയാണ് തൊഴിലാളികൾക്ക് കൊടുത്തുതീർക്കാനുള്ളത്.

(ബി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.